**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 426** **10-02-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലൂടെ കടന്നു പോകുന്നതും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയതുമായ മലയോര ഹൈവേയുടെ നിർമ്മാണം 12 മീറ്റർ വീതി ലഭ്യമല്ലാത്തതിനാൽ ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോതമംഗലം നിയോജകമണ്ഡലത്തിൽ മലയോര ഹൈവേയുടെ ഭാഗമായി വിഭാവനം ചെയ്തിരിക്കുന്ന ചെറങ്ങാനാൽ മുതൽ നേര്യമംഗലം വരെയുള്ള 31.5 കിലോമീറ്റർ ഭാഗത്ത് 3 സ്ട്രെച്ചുകളായാണ് ഡി.പി.ആർ തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ ആദ്യ സ്ട്രെച്ചായ ചെറങ്ങാനാൽ മുതൽ കാഞ്ഞിരക്കുന്ന് വരെയുള്ള 13.4 കിലോമീറ്റർ ഭാഗത്തെ പ്രവൃത്തിക്ക് 20/03/2022-ലെ PWD013-09/APR-2/2022/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 65.57 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. കിഫ്ബി മാനദണ്ഡപ്രകാരം 12 മീറ്റർ വീതിയിൽ ആവശ്യമായ സ്ഥലം പൊതുജനങ്ങളിൽ നിന്ന് ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ലഭ്യമാക്കി DBM & BC നിലവാരത്തിൽ റോഡ് നിർമ്മിക്കുന്നതിനാണ് മലയോര ഹൈവേ വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാകാത്തതിനെ തുടർന്ന് ആദ്യ റീച്ച് സാങ്കേതികാനുമതിക്കായി അന്തിമമാക്കാൻ സാധിച്ചിട്ടില്ലെന്നാണ് നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി റിപ്പോർട്ട് ചെയ്തിരിക്കുന്നത്. നിർവ്വഹണ ഏജൻസി റിപ്പോർട്ട് ചെയ്തതനുസരിച്ച് കോട്ടപ്പടി - 8.58 മീറ്റർ, പിണ്ടിമന - 7.43 മീറ്റർ, കീരംപാറ - 7.97 മീറ്റർ, കോതമംഗലം - 8.26 മീറ്റർ, നേര്യമംഗലം - 8.01 മീറ്റർ എന്നിങ്ങനെ മാത്രമാണ് ഓരോ വില്ലേജുകളിലും ലഭ്യമായ ശരാശരി വീതി. ബഹു. എം.എൽ.എ, എറണാകുളം ജില്ലാ കളക്ടർ, ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മീഷണർ, പൊതുമരാമത്ത് വകുപ്പ്, കിഫ്ബി, കെ.ആർ.എഫ്.ബി ഉന്നത ഉദ്യോഗസ്ഥർ എന്നീ തലങ്ങളിൽ പല മീറ്റിംഗുകളും നടത്തിയെങ്കിലും പ്രശ്ന പരിഹാരം സാധ്യമായിട്ടില്ല. കൂടാതെ റോഡിനായി ഏറ്റെടുക്കേണ്ട വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ നഷ്ടപരിഹാര വനവൽക്കരണം ഏറ്റെടുക്കുന്നതിന് ബദൽ ഭൂമി |

| | | | |
|---|---|---|---|
| | | | കണ്ടെത്തേണ്ടതുണ്ട്. പ്രസ്തുത റോഡിന്റെ രണ്ടാമത്തെ സ്രെച്ചായ കാഞ്ഞിരക്കുന്ന് മുതൽ നാട്ടുകാണി വരെയും, മൂന്നാമത് സ്രെച്ചായ നാട്ടുകാണി മുതൽ നേര്യമംഗലം വരെയുമുള്ള ഭാഗത്തിന്റെ ഡി.പി.ആർ നിർവ്വഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിച്ചിരുന്നെങ്കിലും ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാക്കുന്ന വിഷയത്തിൽ തീരുമാനമാകാത്ത സാഹചര്യത്തിൽ ധനാനുമതി നൽകിയിട്ടില്ല. |
| (ബി) | മലയോര ഹൈവേ കടന്നു പോകുന്ന കോതമംഗലം മണ്ഡലത്തിലെ പ്രദേശങ്ങളിൽ 12 മീറ്റർ വീതി ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത റോഡ് അടിയന്തരമായി ബി.എം.ബി.സി. ടാറിംഗ് ചെയ്ത് നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | റോഡിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് രണ്ട് റീച്ചുകളിലായി മെയിന്റനൻസ് പ്രവൃത്തികൾ കെ.ആർ.എഫ്.ബി മൂവാറ്റുപുഴ/ഇടുക്കി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ കീഴിൽ നിർവ്വഹിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത കാര്യാലയത്തിൽ നിന്നും നിലവിലെ റോഡ് മെയിന്റനൻസ് ചെയ്യുവാൻ പൊതുമരാമത്ത് വകുപ്പ് കോതമംഗലം റോഡ്സ് വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും നിർവ്വഹണ ഏജൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മലയോര ഹൈവേ നിർമ്മാണത്തിന് 12 മീറ്റർ വീതിയിൽ Right of Way ആവശ്യമാണെന്നിരിക്കെ നിലവിൽ ലഭ്യമായ വീതിയിൽ നിർമ്മാണ പ്രവർത്തനം നടത്തുവാൻ കിഫ്ബി മാനദണ്ഡപ്രകാരം സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ